<u>സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: എം.അഞ്ജന, ഐ.എ.എസ്)

ഉത്തരവ് നം. SJD/2705/2021-E2

തിരുവനന്തപുരം,
തീയതി. 25/07/2021

---

വിഷയം: സാമൂഹ്യ നീതി വകുപ്പ്- ജീവനക്കാര്യം - സീനിയർ ക്ലർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം,സ്ഥലം മാറ്റം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.സാമൂഹ്യനീതി ഡയറക്ടറുടെ 06/05/2020 ലെ SJD/792/2020-E9 നം നടപടിക്രമങ്ങൾ.
2.സാമൂഹ്യനീതി ഡയറക്ടറുടെ 22/07/2021 ലെ SJD/1961/2021-E1 നം നടപടിക്രമങ്ങൾ.

സാമൂഹ്യനീതി വകുപ്പിൽ സീനിയർ ക്ലർക്ക് തസ്തികയിൽ നിന്നും ഹെഡ് അക്കൌണ്ടന്റ് തസ്തികയിലേക്ക് പരാമർശം (2) പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ചതു മുഖേന സീനിയർ ക്ലർക്ക് തസ്തികയിൽ ആറു ഒഴിവുകളും , സാമൂഹ്യനീതി ഡയറക്ടറേറ്റിൽ സീനിയർ ക്ലർക്ക് തസ്തികയിൽ 30/04/20 ൽ ഉണ്ടായ ഒരു റിട്ടയർമെന്റ് ഒഴിവും ചേർത്ത് സീനിയർ ക്ലർക്ക് തസ്തികയിൽ ആകെ ഏഴ് ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട് .ഈ ഒഴിവുകളിലേയ്ക്ക് പരാമർശം (2) പ്രകാരമുള്ള ക്ലാർക്ക് /ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും 30/04/21 ന് മുൻപ് അക്കൌണ്ട് ടെസ്റ്റ് പാസായിട്ടുള്ളതും, പ്രൊബേഷൻ പൂർത്തീകരിച്ചതുമായ ജീവനക്കാരിൽ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ |
|---|---|---|
| 1 | ശ്രീമതി. ജിൻസി. വി. ജോയ് | 5 (SJD/792/2020-E9 dtd 06/05/2020) |
| 2 | ശ്രീ. ഷിബു. റ്റി. എം | 6 (SJD/792/2020-E9 dtd 06/05/2020) |
| 3 | ശ്രീമതി. ധന്യ. റ്റി. എ | 8 (SJD/792/2020-E9 dtd 06/05/2020) |
| 4 | ശ്രീ. വിനോദ്കുമാർ. വി | 10 (SJD/792/2020-E9 dtd 06/05/2020) |
| 5 | ശ്രീമതി. ശരണ്യ. എം. എസ് | 15 (SJD/792/2020-E9 dtd 06/05/2020) |
| 6 | ശ്രീ. മഹേഷ്. പി. ഷേണായ് | 19 (SJD/792/2020-E9 dtd 06/05/2020) |

ശ്രീമതി.ജിൻസി.വി.ജോയ്, ശ്രീ.ഷിബു.റ്റി.എം, ശ്രീമതി.ധന്യ.റ്റി.എ, ശ്രീ.വിനോദ്കുമാർ.വി, ശ്രീമതി.ശരണ്യ.എം.എസ്, ശ്രീ.മഹേഷ്.പി.ഷേണായ് എന്നീ ജീവനക്കാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിൽ കെ.എസ്.& എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം (35600-75400) രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി ചുവടെ അവരവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചും (പട്ടിക 1), സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന (പട്ടിക 2 )ൽ പേര് ചേർത്ത ജീവനക്കാർക്ക് സ്ഥലം മാറ്റം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

പട്ടിക I : ഉദ്യോഗകയറ്റം

| ക്രമ നം | ജീവനക്കാരുടെ പേര് | നിലവിൽ സേവനമനുഷ്ഠിയ്ക്കുന്ന തസ്തിക കാര്യാലയം | ഉദ്യോഗക്കയറ്റ നിയമനം അനുവദിയ്ക്കാവുന്ന തസ്തിക കാര്യാലയം |
|---|---|---|---|
| 1 | ശ്രീമതി.ജിൻസി.വി.ജോയ് | ക്ലാർക്ക്. ജില്ലാ സാമൂഹ്യനീതി ഓഫീസ് വയനാട് | സീനിയർ ക്ലാർക്ക് സാമൂഹ്യ നീതി ഡയറക്ടറേറ്റ് |
| 2 | ശ്രീ.ഷിബു.റ്റി.എം | ക്ലർക്ക് ടൈപ്പിസ്റ്റ് പ്രൊബേഷൻ ഓഫീസ് കൊല്ലം | സീനിയർ ക്ലാർക്ക് സാമൂഹ്യ നീതി ഡയറക്ടറേറ്റ് |
| 3 | ശ്രീമതി.ധന്യ.റ്റി.എ | ക്ലാർക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസ് കോഴിക്കോട് | സീനിയർ ക്ലാർക്ക് സാമൂഹ്യ നീതി ഡയറക്ടറേറ്റ് |
| 4 | ശ്രീ.വിനോദ്കുമാർ.വി | ക്ലർക്ക് ടൈപ്പിസ്റ്റ് പ്രൊബേഷൻ ഓഫീസ് പാലക്കാട് | സീനിയർ ക്ലാർക്ക് സാമൂഹ്യ നീതി ഡയറക്ടറേറ്റ് |
| 5 | ശ്രീമതി.ശരണ്യ.എം.എസ് | ക്ലാർക്ക് സാമൂഹ്യ നീതി ഡയറക്ടറേറ്റ് | സീനിയർ ക്ലാർക്ക് സാമൂഹ്യ നീതി ഡയറക്ടറേറ്റ് |
| 6 | ശ്രീ.മഹേഷ്.പി.ഷേണായ് | ക്ലാർക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസ് എറണാകുളം. | സീനിയർ ക്ലാർക്ക് സാമൂഹ്യ നീതി ഡയറക്ടറേറ്റ് |

പട്ടിക II : സ്ഥലംമാറ്റം

| ക്രമ നം | ജീവനക്കാരുടെ പേര് | നിലവിൽ സേവനമനുഷ്ഠിയ്ക്കുന്ന തസ്തിക കാര്യാലയം | സ്ഥലം മാറ്റി നിയമിക്കുന്ന തസ്തിക കാര്യാലയം |
|---|---|---|---|
| 1 | ശ്രീ.ഷമിത്ത്.കെ.വി | സീനിയർ ക്ലാർക്ക് സാമൂഹ്യ നീതി ഡയറക്ടറേറ്റ് | സീനിയർ ക്ലാർക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസ്,കണ്ണൂർ |
| 2 | ശ്രീ.അബ്ദുൾ സഹീർ.സി.പി | സീനിയർ ക്ലാർക്ക് സാമൂഹ്യ നീതി ഡയറക്ടറേറ്റ് | സീനിയർ ക്ലാർക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസ്,മലപ്പുറം. |

| | | | |
|---|---|---|---|
| 3 | ശ്രീമതി. ബിന്ദു. സി. കെ | സീനിയർ ക്ലാർക്ക്<br>സാമൂഹ്യ നീതി ഡയറക്ടറേറ്റ് | സീനിയർ ക്ലാർക്ക്<br>ജില്ലാ സാമൂഹ്യനീതി<br>ഓഫീസ്, ഇടുക്കി. |
| 4 | ശ്രീ. ഓസ്റ്റിൻ പെരേര | സീനിയർ ക്ലാർക്ക്<br>സാമൂഹ്യ നീതി ഡയറക്ടറേറ്റ് | സീനിയർ ക്ലാർക്ക്<br>ജില്ലാ സാമൂഹ്യനീതി<br>ഓഫീസ്, തിരുവനന്തപുരം |

മേൽ പരാമർശിച്ച ഉദ്യോഗകയറ്റ, സ്ഥലം മാറ്റം അനുവദിക്കുമ്പോൾ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ഹെഡ് ക്വാർട്ടർ ഒഴിവിൽ നിയമനം ലഭിച്ച ക്ലർക്കുമാരായ ശ്രീ.അനൂജ്.എം.ആർ , ശ്രീമതി.ജ്യോതിഷ.യു എന്നിവരെ യഥാക്രമം ജില്ലാ സാമൂഹ്യനീതി ഓഫീസ്– കോഴിക്കോട്, ജില്ലാ സാമൂഹ്യനീതി ഓഫീസ്-വയനാട് എന്നീ കാര്യാലയങ്ങളിലെ ക്ലർക്ക് തസ്തികയിലെ ഒഴിവിലേയ്ക്ക് സ്ഥലം മാറ്റം അനുവദിച്ചും ഉത്തരവാകുന്നു .

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശന കാലത്തിനും യാത്രബത്തയ്ക്കും അർഹതയുണ്ടായിരിയ്ക്കുന്നതും, അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം അനുവദിയ്ക്കപ്പെട്ട ജീവനക്കാർക്ക് യഥാർത്ഥ യാത്ര സമയത്തിനും അർഹതയുണ്ടായിരിക്കും.

ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവി വിടുതൽ ചെയ്യേണ്ടതും ജീവനക്കാരൻ/ജീവനക്കാരി യഥാസമയം ജോലിയിൽ പ്രവേശിയ്ക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ട് കാര്യാലയ മേധാവികൾ അയച്ചു തരേണ്ടതാണ്.

(ഒപ്പ്)

**സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ് :</u>

1. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്.
2. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക്.
3. ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്.
4. സൂപ്രണ്ട് ഐ.റ്റി.സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്).
5. ഡയറക്ടറുടെ സി.എ .
6. സ്റ്റോക്ക് ഫയൽ /സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്